**കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ**

**സംസ്ഥാന കാര്യാലയം**

വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം 695012

ഫോൺ: 0471 2348581, 2342950, 2342271, 2342369 ഫാക്സ്: 0471 2344841

ഇ–മെയിൽ : ksos8581@gmail.com

**No. PA/4042/14/KSOS/SCERT** **Date: 26.08.2014**

**പത്രക്കുറിപ്പ്**

## കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ
## പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖേന 2014-16 ബാച്ച് ഹയർസെക്കണ്ടറി കോഴ്സിലേക്ക് എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും 01.09.2014 മുതൽ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ഓപ്പൺ റഗുലർ, പ്രൈവറ്റ് വിഭാഗങ്ങളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവിദ്യാർത്ഥികൾ ഓപ്പൺ സ്കൂൾ സൈറ്റിൽ ലഭ്യമാക്കിയിരിക്കുന്ന എസ്.ബി.ടി ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും എസ്.ബി.ടി ശാഖയിൽ ഫീസ് അടച്ച് www.ksosonline.in. എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓപ്പൺ റഗുലർ സ്കീമിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ 26.09.2014 വരെയും 50 രൂപ പിഴയോടെ 06.10.2014 വരെയും 250രൂപ അധിക പിഴയോടെ 10.10.2014 വരെയും ഓപ്പൺ പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ 30.09.2014 വരെയും 50 രൂപ പിഴയോടെ 08.10.2014 വരെയും 250 രൂപ അധിക പിഴയോടെ 15.10.2014 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്ത് പ്രിന്റ് ഔട്ടും മതിയായ ഫീസടച്ച എസ്.ബി.ടി ചെലാനും അനുബന്ധ രേഖകളുമായി നിശ്ചിത തീയതിക്കുള്ളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അപേക്ഷകൾ ജോയിന്റ് സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മലബാർ മേഖലാ കേന്ദ്രം, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, മലപ്പുറം-676505 എന്ന വിലാസത്തിലും മറ്റ് ജില്ലകളിലെ അപേക്ഷകൾ സ്റ്റേറ്റ് കോഡിനേറ്റർ, കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം- 695012 എന്ന വിലാസത്തിലും നേരിട്ടോ, തപാൽ മുഖേനയോ ഹാജരാക്കേണ്ടതാണ്. പ്രസ്തുത രജിസ്ട്രേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകവും വിശദവിവരങ്ങളും www.openschool.kerala.gov.in, www.ksosonline.in എന്ന വെബ് സൈറ്റിലും 04712342950, 2342369 04832734295 എന്ന നമ്പറിലും ലഭ്യമാണ്.

**ഡയറക്ടർ**

C1/E/PA/2014/Press/17